* ശ്രീകൃഷ്ണ മണിപ്രവാള ജപമാല *

><><><><><><><<><><><><

നമോസ്തുതേ മാധവ ! ശാർങ്ഗപാണേ !
നമോസ്തുതേ കേശവ ! ദീനബന്ധോ !
നമോസ്തുതേ ലോകപതേ ! മുരാരേ !
നമോസ്തുതേ നാഥ ! ദയാപയോധേ !

നളിനനയന! ഹേ ഹരേ! നമസ്തേ!
നരകരിപോ ! കരുണാംബുധേ! നമസ്തേ!
ജയ ജയ ജഗതീപതേ! നമസ്തേ!
ജലധരചാരുതരാകൃതേ ! നമസ്തേ!

ജഗദുദയ വിനാശകാരണണൻ നീ
ജനപരിപാലന ശീലനായതും നീ
അജനമലനനന്തനായതും നീ
സുജനവിചിത്ര ചരിത്രനായതും നീ.

സഗുണനഗുണനേകനായതും നീ
സകലചരാചരജീവനായതും നീ
സകലനപി ച നിഷ്കളൻ ഹരേ! നീ
സകലപതേ! കമലാപതേ! നമസ്തേ.

പ്രകൃതിപുരുഷനാം ഭവാനനന്തൻ
പ്രകടയതി പ്രഥമം പ്രപഞ്ചമെല്ലാം
പ്രകൃതി ജനനി മായയായ ദേവി
വിപുലതരഭ്രമമീദൃശം വിധത്തേ.

പൃഥുതരമൊരു മത്സമായതും നീ
പ്രഥിതമഹാബല കൂർമ്മമായതും നീ
കഠിനതരവരാഹമായതും നീ
കടുതരഘോരനൃസിംഹമായതും നീ.

പുനരൊരുവടുവേഷനായതും നീ
മനുജവരാന്തകരാനനായതും നീ
ദശമുഖരിപുരാമനായതും നീ
വിശദമഹോ കരുണാനിധേ നമസ്തേ.

ഒരുവനതിധനൻ പരൻ ദരിദ്രൻ
പരനതികർക്കശനന്യനത്യുദാരൻ
ഇതി പലവിധഭാവഹേതുഭൂതൻ
ദിതിജവിനാശനനാദി കേശവൻ നീ.

നരകമഥന ! നാഥ ! ദീനബന്ധോ !
വിരവൊടു പാലയ വിശ്വനായകാ ! നീ
ധരണിയുടെ ഭാരം നിരാകരിപ്പാൻ

കരുണ ഭവിച്ചരുളേണമന്തരംഗേ.

അറിഞ്ഞുകൂടാത്തവനെങ്കിലും ത്വാ -
മറിഞ്ഞു ഞാൻ ത്വൽകൃപകൊണ്ടിദാനീം
അറിഞ്ഞുപോകാത്ത ഗ്ഗുണേന വിശ്വം
നിറഞ്ഞുമേവും നിഖിലേശ്വരൻ നീ .

വിളക്കുപോലെ വിവിധപ്രപഞ്ചേ
വിളങ്ങുമാനന്ദമയസ്വരൂപിൻ !
ഇളക്കമില്ലാത്ത മഹാരുചേ ! നീ -
യിളയ്ക്കൊലാ രക്ഷണമിക്ഷണം മേ.

വിശ്വങ്ങളെല്ലാമുളവാക്കി മുന്നം
വിശ്വാസപൂർവ്വം പരിരക്ഷചെയ്തും
നിശ്ശേഷമമ്പോടഥ സംഹരിച്ചും
നിശ്ശോകമോദം വിളയാടുവോൻ നീ .

അംഭസ്സിലാകാശതലം കണക്കെ
സംഭാവനം ചെയ്കിലിദം പ്രപഞ്ചം
സംബന്ധമുണ്ടാക്കിന മായതന്നിൽ
ബിംബിച്ചു കാണുന്നു ഭവൽക്കടാക്ഷാൽ .

ജ്ഞാനം മനസ്സിൽ ജ്ജനിയായ് കമൂലം

ഞാനെന്നഹംഭാവമഹോജനാനാം
നൂനം വിഭോ നിൻചരിതം ഗ്രഹിച്ചാ -
ലാനന്ദമല്ലാതൊരു ഭാവമുണ്ടോ ?

കാമാദിഷൾക്കം ബഹുദു:ഖമൂലം
പ്രാമാദികം പോലിഹ സത്യബോധം
ധീമാനിതൊന്നും ഗ്രഹിയായ്കകൊണ്ട -
ല്ലാമഗ്നനാകുന്നു ഭവാബ്ധുരാശൌ.

ജന്മങ്ങളിൽച്ചെയ്തൊരു കൈതവം കൊ -
ണ്ടുന്മോഹമിജ്ജന്മനി സജ്ജനാനാം
ത്വന്മഗ്നമായമ്പൊട്ടു ചിത്തമെങ്കിൽ
ത്വന്മായയാ ബന്ധനമില്ലനൂനം.

അഹോമദീയം സുക്ര്തം മുരാരേ !
മഹോദയം യാദവവംശജാനാം
മഹാനുഭാവൻ മഹനീയശീലൻ
മഹീതലേവന്നുഭവാൻ പിറന്നു.

അചലബ്ര്രഹ്മവികാസമായതും നീ
ക്വചിദസ്ഫുടരൂപനായതും നീ
ക്വചന പ്രസ്ഫുടരൂപനായതും നീ.
ഉദാരമൂർത്തേ, ഭഗവൻ, നമസ്തേ!

മദാന്ധദൈത്യാരി ഭവാനിദാനീം
മദാത്മജത്വേന സമേതനായോ ?

പശുപക്ഷി മൃഗാദി ജാതിഭേദം
വശമാക്കിബ്ബഹുവിസ്തരിപ്പതും നീ
ബഹുമാർഗ്ഗതങ്ങളായതെല്ലാം
ബഹുധാ കത്രചിദസ്തമാക്കുവോൻ നീ.

ജഠരേ സചരാചര പ്രപഞ്ചം
ദൃഢമാക്കി സ്ഫുടതുംഗ ഭംഗിയോടേ
പ്രളയാംബുധി ചേർന്നു യോഗനിദ്രാ --
മുളവാക്കുന്നതു മിന്ദിരാപതേ, നീ.

ജനനം മരണം വിപത്തു സമ്പ --
ത്തഭിമാനം പരിഭ്രുതി ഭ്രുതി ലാഭം
അതിദുർഘടമായ മായകൊണ്ടു --
ള്ളതിവിഭ്രാന്തി വരുത്തുമീശ്വരൻ നീ.

ഫലമൊന്നു കുഴിച്ചു മണ്ണിലിട്ടാൽ
പല കൊമ്പും കവരങ്ങളും വിളങ്ങും
ചില പൊട്ടിമറിഞ്ഞു വീഴ്ക, മപ്പോൾ
ച്ചില വർദ്ധിച്ചു ഫലങ്ങളും പൊഴിക്കും.

അതുനേരമൊരഗ്നി വന്നുപററി
സ്ഥിതമായുള്ളതു വെന്തു ഭസ്മമാകും
അതുപോലെ സമസ്തജന്തുവർഗ്ഗ --
സ്ഥിതിയും നാശവുമീശ! നിൻ പ്രഭാവാൽ.

അയി! ഞാനറിയാതെ കണ്ടു ചെയ്തോ -
രപരാധം സകലം ക്ഷമിക്കവേണം .
ഉപകാരവിധാനയോഗ്യനാം ഞാ -
നപരാധം തവ ഹന്ത ചെയ്തുപോയേൻ.

അവതാരമിതെത്ര ശക്തിയുണ്ടെ -
ന്നറിവാനീമറിമായമാചരിച്ചേൻ
ചെറുതല്ല ഭവാനതെന്നിദാനി -
മറിയുന്നേനപരം ഗ്രഹിച്ചുകൂടാ.

അറിയാമിതുമാത്രമത്രവാഴും
മറിമാൻകണ്ണികൾ ചെയ്ത പുണ്യപൂരം
ഒരുമിച്ചു ജനിച്ച മൂർത്തിയല്ലോ
കരുണാവാരിധേ ! തവസ്വരൂപം.

അചരങ്ങൾ ചരങ്ങളായതും നീ --
യചലബ്രഹ്മവികാസമായതും നീ
ക്വചിദസ്ഫുടരൂപനായതും നീ

ക്വചന പ്രസ്ഫുടരൂപനായതും നീ.

മീനായതും നീ കൂർമ്മമതായതും നീ
പീനം വരാഹാകൃതി പൂണ്ടതും നീ
മഹാനൃസിംഹോത്തമനായതും നീ
മഹാമതേ ! വാമനനായതുംനീ.

ക്ഷമാതലേ ഭാർഗ്ഗവനായതും നീ
രമാപതേ ! രാഘവനായതും നീ
ഇഹാപി നീലാംബരനായതും നീ
മഹാനുഭാവപ്രകൃതേ! നമസ്തേ!

ധരിച്ചു ഞാൻ, സമ്പ്രതി കൃഷ്ണനായി -
ജ്ജനിച്ചു കംസാദികഹിംസചെയ്‌വാൻ
ഭവാൻ ഭവധ്വംസനജാഗരൂകൻ
നവാംബുദശ്യാമതനോ! നമസ്തേ.

നമസ്തേ ദയാവാരിരാശേ ! മുരാരേ !
നമസ്തേ മഹാവീര ! ഗോവിന്ദ ! വിഷ്ണോ !
സമസ്താപരാധം ക്ഷമിക്കേണമേ നീ
സമസ്താന്തരംഗേ വിളങ്ങുന്ന മൂർത്തേ !

നിങ്കൽബ്ഭക്തി ഭവിക്കേണം സങ്കടം മമ തീരുവാൻ

നിൻകഴൽക്കു വണങ്ങുന്നേൻ ശങ്കരാദി നിഷേവിതം.

ഭക്തിനിങ്കൽബ്ഭവിക്കുമ്പോൾ മുക്തിതാനേവരും വിഭോ !
ഭക്തികൂടാതെ വാഞ്ഛിച്ചാൽ മുക്തിമാർഗ്ഗം വരുന്നതോ?

ത്വഭക്തജനഭക്തിം മേ കൽപിച്ചാകിലതും മതി
ത്വൽ പാദസ്മരണം കൊണ്ടു മൽപാപം ശാന്തമായ് വരും.

ഉപേന്ദ്ര! ജഗതീബന്ധോ ! കൃപാസിന്ധോ! നമോസ്തുതേ
അപേക്ഷയുണ്ടെനിക്കേകമുപേക്ഷിച്ചീടൊലാ ഭവാൻ.

തരുണാംബുധരശ്രീമൻ തരുണീ മോഹനാകൃതേ !
അരുണംചരണാംഭോജം ശരണം കരുണാകര!

നിരാമയൻ നീ, നിഖിലേശ്വരൻ നീ,
നിരഞ്ജനൻ നീ, നിരുപാധികൻ നീ,
നിരാദികൻ നീ, നിരുപപ്ലവൻ നീ,
നിരന്തകൻ നീ, ഭഗവാൻ നമസ്തേ!

മദാന്ധനാമെന്നപരാധമെല്ലാം
സദാ സഹിച്ചീടുക ശാർങ്ഗപാണേ!
****